# JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE

Bishop Alapatt Road, Jubilee Mission P. O, Thrissur East - 680 005


07/03/2026

## ജൂബിലിയിൽ ഡോ. ഡി. എം വാസുദേവൻ എൻഡോവ്മെന്റ് ഒറേഷൻ

### പ്രതിരോധകോശങ്ങളുടെ അമിത പ്രവർത്തനവും തളർച്ചയും പ്രതിരോധിക്കാൻ പുതിയ ചികിത്സാരീതികൾ വേണം

എച്ച്.ഐ.വി. ബാധിതരിൽ പ്രതിരോധ സംവിധാനം അമിതമായി ഉത്തേജിപ്പിക്കപ്പെടുന്നതും (immune activation), തുടർന്നുണ്ടാകുന്ന പ്രതിരോധകോശങ്ങളുടെ തളർച്ചയും രോഗമുക്തിയെ പ്രതികൂലമായി ബാധിക്കുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നതായി ഡോ. ദേഷ്രത്ന അസ്താന ചൂണ്ടിക്കാട്ടി. വിട്ടുമാറാത്ത ഇമ്മ്യൂൺ അക്റ്റിവേഷൻ രോഗിയുടെ ആരോഗ്യനില വഷളാകുന്നതിനും എയിഡ്സ് (AIDS) അവസ്ഥയിലേക്ക് വേഗത്തിൽ എത്തുന്നതിനും കാരണമാകുന്നു. ദീർഘകാലത്തെ എച്ച്.ഐ.വി. അണുബാധ ശരീരത്തിന്റെ സ്വാഭാവിക പ്രതിരോധ സംവിധാനത്തെ അമിതമായി പ്രവർത്തിപ്പിക്കുകയും ഒടുവിൽ കോശങ്ങൾ തളർന്നുപോകുന്ന ഇമ്മ്യൂൺ എക്സോഷ്യൻ (immune exhaution) എന്ന അവസ്ഥയിലേക്ക് നയിക്കുകയും ചെയ്യുന്നു. രക്തപ്രവാഹത്തിൽ അണുക്കളുടെ സാന്നിധ്യം വർദ്ധിക്കുന്നത് പ്രതിരോധസംവിധാനത്തിന്റെ ഈ അമിത ഉത്തേജനത്തിന് പ്രധാന കാരണമാകുന്നുവെന്ന് ഡോ. ദേഷ്രത്ന തുടർന്നുപറഞ്ഞു.
എച്ച്. ഐ. വി. ബാധിതരിലെ ഇമ്മ്യൂൺ സജീവതയും പ്രതിരോധ തളർച്ചയും - എന്ന വിഷയത്തെ അധികരിച്ച് തൃശ്ശൂരിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഗവേഷണവിഭാഗം മേധാവി ഡോ. ഡി. എം. വാസുദേവൻ എന്റോവ്മെന്റ് ഒറേഷനിൽ എട്ടാമത് പ്രഭാഷണം നടത്തുകയായിരുന്നു അമേരിക്കയിലെ ഔഷധഗവേഷണ സ്ഥാപനമായ പയോജെനിക്സ് സി.ഇ.ഒ. ഡോ. ദേഷ്രത്ന അസ്താന.

പ്രമുഖ ശാസ്ത്രജ്ഞനനായ ഡോ. ദേഷ്രത്ന അസ്താനയുടേയും സംഘത്തിന്റേയും നേതൃത്വത്തിൽ നടന്ന പഠനങ്ങൾ, രോഗം മൂർച്ഛിക്കുന്നതിനും പ്രതിരോധ കോശങ്ങളുടെ ഈ തളർച്ചയും തമ്മിലുള്ള നേരിട്ടുള്ള ബന്ധത്തെക്കുറിച്ച് നിർണ്ണായക വിവരങ്ങൾ നൽകുന്നു. ശരീരത്തിലുണ്ടാകുന്ന വീക്കം (inflammation), പ്രതിരോധകോശങ്ങളുടെ അമിത പ്രവർത്തനം, അവയുടെ തളർച്ച എന്നിവയെ കൂടുതൽ കൃത്യമായി മനസ്സിലാക്കാനും പ്രതിരോധിക്കാനും പുതിയ ചികിത്സാരീതികൾ അത്യാവശ്യമാണെന്ന് ഈ പഠനം ഓർമ്മിപ്പിക്കുന്നു.

എന്റോവ്മെന്റ് ഒറേഷനിൽ ജൂബിലി മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ് അദ്ധ്യക്ഷത വഹിച്ചു. ജൂബിലി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. ഡോ. രഘു കെ. ജി. പ്രഭാഷകനെ പരിചയപ്പെടുത്തി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര ഉപഹാരം സമർപ്പിച്ചു. ജൂബിലി പുരസ്കാരം മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ സമ്മാനിച്ചു. ഡോ. വാസുദേവനെക്കുറിച്ച് ഡോ. കെസിയ കുരുവിള പ്രസിദ്ധീകരിച്ച പുസ്തകം ഡോ. വാസുദേവൻ കൈയ്യൊപ്പുചാർത്തി പ്രഭാഷകന് സമ്മാനിച്ചു. ഡോ. പി. ആർ. വർഗ്ഗീസ് സ്വാഗതവും ഡോ. മാത്യു ജോൺ നന്ദിയും പറഞ്ഞു. ഡോ. ഡി. എം. വാസുദേവൻ, ശ്രീമതി ദേവി വാസുദേവൻ, അമൃതയിലെ ഡോ. വി. ശിവകുമാർ, അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഡോ. മിനി കരിയപ്പ, തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഡോ. പി. എസ്. വാസുദേവൻ, ഡോ. കെസിയ കുരുവിള തുടങ്ങിയവർ പങ്കെടുത്തു.

#### ഡോ. ദേഷ്രത്ന അസ്താന

അമേരിക്കയിലെ ഔഷധ ഗവേഷണ സ്ഥാപനമായ പയോജെനിക്സ് സി.ഇ.ഒ. ഡോ. ദേഷ്രത്ന അസ്താന, ക്ലിനിക്കൽ ഇമ്മ്യൂണോളജി, മെഡിക്കൽ ഗവേഷണം എന്നീ മേഖലകളിൽ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയനായ വ്യക്തിത്വമാണ്. ഡൽഹി എയിംസിൽ നിന്ന് പി.എച്ച്.ഡി. നേടിയ അദ്ദേഹം മിയാമി സർവ്വകലാശാലയിൽ നിന്ന് എം.ബി.എ.യും പൂർത്തിയാക്കി ശാസ്ത്രത്തെയും ഭരണനിർവഹണത്തെയും സമന്വയിപ്പിച്ചു. മൂന്ന് പതീറ്റാണ്ടോളം മിയാമി സർവ്വകലാശാലയിൽ പ്രൊഫസറായും ക്ലിനിക്കൽ ലാബ് ഡയറക്ടറായും സേവനമനുഷ്ഠിച്ച അദ്ദേഹം പ്രതിസന്ധിയിലായിരുന്ന ചികിത്സ-ഗവേഷണ വിഭാഗത്തെ ലാഭകരമായ സംരംഭമാക്കി മാറ്റി. എച്ച്.ഐ.വി., പകർച്ചവ്യാധി മേഖലകളിൽ വിദഗ്ധ ഗവേഷകനായ അദ്ദേഹം എഴുപത്തഞ്ചിലധികം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പയോജെനിക്സ് വികസിപ്പിച്ച നിരവധി രോഗനിർണ്ണയ സംവിധാനങ്ങൾക്ക് യു. എസ്. എഫ്.ഡി.എ. അംഗീകാരം ലഭിച്ചിട്ടുണ്ട്. അറുനൂറിലധികം ക്ലിനിക്കൽ ട്രയലുകൾക്കും അദ്ദേഹം നേതൃത്വം നൽകി.

#### ഡോ. ഡി. എം. വാസുദേവൻ

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഗവേഷണവിഭാഗം ഡയറക്ടർ ഡോ. ഡി. എം. വാസുദേവന്റെ അധ്യാപന-ഗവേഷണ പ്രവർത്തനങ്ങളുടെ 50-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയ എൻഡോവ്മെന്റ് പ്രഭാഷണ പരമ്പരയിലെ എട്ടാമത്തെ പ്രഭാഷണമാണിത്. തിരുവനന്തപുരത്തെ ആർ.സി.സി., തൃശ്ശൂരിലെ അമല കാൻസർ റിസേർച്ച് സെന്റർ, ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ച് തുടങ്ങിയ ഗവേഷണ കേന്ദ്രങ്ങളുടെ സ്ഥാപകനും, അമൃത മെഡിക്കൽ കോളേജിലെ പ്രാരംഭ പ്രിൻസിപ്പാളുമാണ് ഡോ. വാസുദേവൻ. കേരള ഗവ. സർവ്വീസിൽ നിന്നും പ്രിസിപ്പാളായി വിരമിച്ച ഇദ്ദേഹം രാജ്യത്തെ ഉന്നത ബഹുമതികളിൽ ഒന്നായ ഡോ. ബി.സി. റോയ് അവാർഡ്

ജേതാവും 23 രാജ്യങ്ങളിലെ മെഡിക്കൽ വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന ബയോകെമിസ്ട്രി പുസ്തകത്തിന്റെ രചയിതാവും കൂടിയാണ്. മുപ്പതിലധികം പേർ ഇദ്ദേഹത്തിന്റെ കീഴിൽ പി.എച്ച്.ഡി. ബിരുദം നേടിയിട്ടുണ്ട്.

**ഫോട്ടോ അടിക്കുറിപ്പ്** : ഡോ. ഡി. എം വാസുദേവൻ എൻഡോവ്മെന്റ് ഒറേഷനിൽ പ്രഭാഷകനായ ഡോ. ദേഷ്‌രത്ന അസ്താനക്ക് ജൂബിലി മെഡിക്കൽ കോളേജ് അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര ഉപഹാരം നൽകുന്നു.

(ഇടതുനിന്ന് വലത്തോട്ട്- ഡോ. രഘു കെ. ജി., പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, ഡോ. ഡി. എം. വാസുദേവൻ, ഡോ. പി. ആർ. വർഗ്ഗീസ്, ഡോ. മാത്യു ജോൺ)